**പതിനാലാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

## മുപ്പത്തിയാറാമത് റിപ്പോർട്ട്

(2019 ഫെബ്രുവരി മാസം 7-ാം തീയതി സഭയിൽ സമർപ്പിച്ചത്)

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-2016)യുടെ 29-ാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

# (2019-2021)

**മുപ്പത്തിയാറാമത് റിപ്പോർട്ട്**

(2019 ഫെബ്രുവരി മാസം 7-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-2016)യുടെ 29-ാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

290/2019.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/തുടർ ശിപാർശകളും | .. | 23 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

### ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. കെ. സുരേഷ് കുറുപ്പ്.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. ടി. എ. അഹമ്മദ് കബീർ

ശ്രീ. അട്ടൂർ പ്രകാശ്

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. വി. കെ. സി. മമ്മത് കോയ

ഡോ. എം. കെ. മുനീർ

ശ്രീ. പി. ടി. തോമസ്

ശ്രീ. തോമസ് ചാണ്ടി

ശ്രീ. കെ. വി. വിജയദാസ്

ശ്രീ. എൻ. വിജയൻ പിള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജയശ്രീ എം., അണ്ടർ സെക്രട്ടറി.

## മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2019-2021)യുടെ മുപ്പത്തിയാറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സമിതി (2014-2016)യുടെ 29-ാമത് റിപ്പോർട്ട് (പത്തനംതിട്ട ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച്)-ലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2019 ഫെബ്രുവരി 4-ാം തീയതി ചേർന്ന സമിതി യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ശിപാർശ ഖണ്ഡികകളിന്മേലുള്ള സർക്കാർ നടപടികളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2019 ഫെബ്രുവരി 7.

# റിപ്പോർട്ട്

## അദ്ധ്യായം 1

1.1 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ (2005-06, 2006-07 വർഷങ്ങളിലേത്) ഉൾപ്പെട്ടിട്ടുള്ള പത്തനംതിട്ട ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-2016) തയ്യാറാക്കി സമർപ്പിച്ച 29-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

1.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-2016)യുടെ 29-ാമത് റിപ്പോർട്ട് (പത്തനംതിട്ട ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച്) 2014 ഡിസംബർ മാസം 17-ാം തീയതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടിൽ ആകെ 23 ശിപാർശകളാണ് ഉണ്ടായിരുന്നത്. അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ 8-2-2017-ലെ യോഗം പരിഗണിക്കുകയും 17 ശിപാർശകൾക്കുള്ള മറുപടി അംഗീകരിക്കുകയും ഖണ്ഡിക 4, 32, 33, 59, 60, 73 എന്നീ ശിപാർശകൾക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ അവയിന്മേൽ സമിതി അധിക വിവരം ആരായുകയുമുണ്ടായി.

1.3 സമിതി ആരാഞ്ഞ പ്രസ്തുത അധിക വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നിരവധി കത്തിടപാടുകൾ നടത്തിയിട്ടും അധികവിവരങ്ങൾ സംബന്ധിച്ച നടപടി റിപ്പോർട്ടുകൾ നാളിതുവരെയായിട്ടും ലഭ്യമാക്കിയിട്ടില്ല. വകുപ്പിന്റെ ഭാഗത്തു നിന്നുള്ള ടി നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.

1.4 റിപ്പോർട്ടിലെ ശിപാർശ, ശിപാർശകളിന്മേൽ ലഭിച്ച സർക്കാർ മറുപടി, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനക്കുറിപ്പ്, സമിതി ആരാഞ്ഞ അധികവിവരം, തുടർ ശിപാർശ എന്നിവ അദ്ധ്യായം 2-ൽ ചേർത്തിരിക്കുന്നു. സർക്കാർ മറുപടിയുടെയും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധന കുറിപ്പിന്റെയും അടിസ്ഥാനത്തിൽ അനന്തര നടപടികൾ തുടരേണ്ടതില്ല എന്ന് സമിതി തീരുമാനിച്ച ഖണ്ഡികകളിലെ ശിപാർശകളും ആയതിന്മേൽ ലഭിച്ച മറുപടികളും അദ്ധ്യായം 3-ൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം 2

### സമിതി ശിപാർശകളും സർക്കാർ സ്വീകരിച്ച നടപടിയും ശിപാർശകളിന്മേലുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി ആരാഞ്ഞ അധിക വിവരങ്ങളും തുടർ ശിപാർശകളും

ഖണ്ഡിക നമ്പർ 4

#### ശിപാർശ

2.1.1 2003-04 ലെ കുടുംബശ്രീ പദ്ധതികൾക്കായി 17,56,000 രൂപ ചെലവഴിച്ചതായും എന്നാൽ ക്യാഷ് ബുക്ക്, ചെക്ക് ഇഷ്യൂ രജിസ്റ്റർ, ബന്ധപ്പെട്ട വൗച്ചർ എന്നിവയൊന്നും ഓഡിറ്റിന് ഹാജരാക്കിയിരുന്നില്ലെന്നും സമിതി മനസ്സിലാക്കുന്നു. ഓഡിറ്റ് പരിശോധനയ്ക്ക് ആവശ്യമായ രേഖകൾ ഹാജരാക്കുന്നതിന് ബന്ധപ്പെട്ട ചാർജ്ജ് ഓഫീസറോട് നിരവധി തവണ ആവശ്യപ്പെട്ടിട്ടും അവ ഹാജരാക്കാത്തത് ഗുരുതരമായ കൃത്യവിലോപമായി സമിതി വിലയിരുത്തുന്നു. പദ്ധതി നടത്തിപ്പ് സംബന്ധിച്ച രേഖകൾ സജ്ജമായിട്ടുണ്ടെന്ന് കുടുംബശ്രീ ഓഫീസർ അറിയിച്ച വിവരം 17-11-2008-ാം തീയതിയിലെ കത്തുമുഖേന ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചിട്ടുള്ളതായി സർക്കാർ മറുപടിയിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയും ആയത് സംബന്ധിച്ച യാതൊരു മറുപടിയും സമിതിയ്ക്ക് ലഭ്യമായിട്ടില്ല. സമിതി യോഗത്തിൽ ഹാജരായി തെളിവ് നൽകാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബന്ധപ്പെട്ട ഉദ്യോഗസ്ഥന് നോട്ടീസ് നൽകിയെങ്കിലും ടിയാൻ യോഗത്തിൽ ഹാജരാകുകയുണ്ടായില്ല. പരാമർശവിധേയനായ ചാർജ്ജ് ഓഫീസർക്കെതിരെ ബന്ധപ്പെട്ട മേലുദ്യോഗസ്ഥർ നടപടി സ്വീകരിക്കാത്തപക്ഷം സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുന്നതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി സമിതിയ്ക്ക് ഉറപ്പ് നൽകുകയുണ്ടായി. പ്രസ്തുത നിർവ്വഹണ ഉദ്യോഗസ്ഥനെതിരെ വകുപ്പുതല അച്ചടക്ക നടപടിയും തുക ഈടാക്കാനായി റവന്യൂ റിക്കവറി നടപടിയും സ്വീകരിച്ച് അടിയന്തരമായി റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.

#### സർക്കാർ സ്വീകരിച്ച നടപടി

2.1.2 നിർവ്വഹണ ഉദ്യോഗസ്ഥനായ മുൻ വി. ഇ. ഒ. ശ്രീ. കെ. പദ്മാധരനിൽ നിന്നും 2,68,000 രൂപ ഈടാക്കുന്നതിന് Req. No. RR/2015/6547/4 (ആലപ്പുഴ ജില്ല) പ്രകാരം 20-7-2015-ന് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ട്.

2.1.3 ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനായ വി. ഇ. ഒ.-യ്ക്ക് എതിരെ നടപടി സ്വീകരിക്കുന്നത് ഗ്രാമവികസന വകുപ്പിൽ നിന്നായതിനാൽ ഈ ഓഫീസിലെ എം.1-13004/15 തീയതി 14-5-2015 പ്രകാരം ഗ്രാമവികസന കമ്മീഷണർക്ക് കത്ത് നൽകിയിട്ടുണ്ട്.

#### ഓഡിറ്റിന്റെ സൂക്ഷ്മ പരിശോധനാ കുറിപ്പ്

2.1.4 നിർവ്വഹണ ഉദ്യോഗസ്ഥനായ മുൻ വി. ഇ. ഒ. ശ്രീ. കെ. പദ്മാധരനിൽ നിന്നും 2,68,000 രൂപ ഈടാക്കുന്നതിന് Req. No. RR/2015/6547/4 (ആലപ്പുഴ ജില്ല) പ്രകാരം

20-7-2015-ന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതായി 21-3-2016-ൽ നടത്തിയ ഭൗതിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. ഇതിനെതിരെ ടിയാൻ 3-8-2015-ൽ അഡ്വ. അനിൽബാബു മുഖേന ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് വക്കീൽ നോട്ടീസ് അയക്കുകയും സെക്രട്ടറി 5-8-2015-ൽ മറുപടി നൽകുകയും ചെയ്തിട്ടുണ്ട്.

## തുടർ ശിപാർശ

2.1.5 ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട നടപടികൾ ത്വരിതപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

### ഖണ്ഡിക നമ്പർ 32, 33

### ഖണ്ഡിക നമ്പർ 32

## ശിപാർശ

2.2.1 2002-03 വാർഷിക പദ്ധതിയുള്ള സി. എഫ്. വിളക്കുകൾ 2003 മാർച്ചിൽ വാങ്ങിയതിന് ശേഷം അവ സ്ഥാപിക്കുന്നതിന് കെ. എസ്. ഇ. ബി.-യിൽ തുക അടയ്ക്കുവാൻ 8 മാസം കാലതാമസം വരുത്തിയതിനും കെ. എസ്. ഇ. ബി. വിളക്കുകൾ സ്ഥാപിക്കുന്നതിന് വീണ്ടും 4 മാസം താമസിച്ചതിനുമുള്ള കാരണം വ്യക്തമാക്കുവാൻ സാധിച്ചിട്ടില്ല. യഥാസമയം വിളക്കുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കാത്തതിന്റെ ഫലമായി 50% വിളക്കുകൾ കേടായി എന്നു മാത്രമല്ല വാറന്റി കാലാവധി അവസാനിച്ചതിനാൽ കേടായവയ്ക്ക് പകരം പുതിയവ മാറ്റി ലഭിക്കുന്നതിനുള്ള സാധ്യതയും ഇല്ലാതായി. ഇതിന്റെ ഫലമായി ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം തൻവർഷം മുതൽ ലഭിക്കാതിരിക്കുക മാത്രമല്ല പദ്ധതി തുകയുടെ 50%-വും നിഷ്ഫലമാകുകയും ചെയ്തു. 2004-05 വരെ കേടായ വിളക്കുകൾ മാറ്റി സ്ഥാപിക്കാത്തതിനാൽ റിപ്പയർ ഇനത്തിൽ നഷ്ടം സംഭവിച്ചിട്ടില്ല എന്ന വാദം യുക്തിസഹമല്ല. 2004-05-ന് ശേഷം ഏതെങ്കിലും ഒരു അവസരത്തിൽ അവ റിപ്പയർ ചെയ്ത് പുതിയവ സ്ഥാപിക്കപ്പെട്ടുമെന്നതിനാൽ ആയിനത്തിൽ ഭാവിയിൽ ചെലവ് വരുമെന്നത് നിസ്തർക്കമാണ്. അംഗീകൃത സ്ഥാപനത്തിൽ നിന്നും സാമ്പിൾ ടെസ്റ്റ് നടത്തിയതിന്റെ രേഖകൾ ഇല്ലാത്തതും 5% തുക സെക്യൂരിറ്റി ഡെപ്പോസിറ്റായി നിലനിർത്തി ഗ്യാരണ്ടി പീരീഡിനുശേഷം മാത്രം നൽകണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ലാത്തതും പൂർത്തീകരണ സർട്ടിഫിക്കറ്റോ റിപ്പോർട്ടോ ലഭ്യമല്ലാതിരുന്നതും സമിതി ഗൗരവത്തോടെ വീക്ഷിക്കുന്നു. സി. എഫ്. വിളക്കുകൾ ലഭ്യമായാലുടൻ സമയബന്ധിതമായി അവ സ്ഥാപിക്കുവാൻ കഴിയുന്ന വിധത്തിൽ കെ. എസ്. ഇ. ബി.-യിൽ തുക അടയ്ക്കുകയും ധാരണയിലെത്തുകയും ചെയ്തിരുന്നുവെങ്കിൽ പ്രസ്തുത സാഹചര്യം ഒഴിവാക്കാമായിരുന്നുവെന്ന് സമിതി വിലയിരുത്തുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.2.2 2003-04 വർഷം കലഞ്ഞൂർ കെ. എസ്. ഇ. ബി.-യുടെ പരിധിയിൽ വിവിധ വാർഡുകളിലായി 162 സി. എഫ്. ലാമ്പുകളും ഏഴംകുളം കെ. എസ്. ഇ. ബി. പരിധിയിൽ 51 സി. എഫ്. ലാമ്പുകളും സ്ഥാപിച്ചിട്ടുള്ളതാണെന്ന് കമ്മിറ്റിയ്ക്ക് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ

ടി പരാമർശം സാധൂകരിച്ച് നൽകണമെന്ന് അപേക്ഷിച്ചുകൊണ്ട് 7-3-2015-ലെ VII (a) നമ്പരായി തീരുമാനമെടുത്തിട്ടുണ്ട്. കൂടാതെ കെ. എസ്. ഇ. ബി. കലഞ്ഞൂർ ഏഴംകുളം സെക്ഷൻ ഓഫീസുകളിൽ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിനായി 6-7-2015-ലെ സി4/1480/15 നമ്പരായി കത്ത് നൽകിയിട്ടുണ്ട്. ടി പരാമർശം സാധൂകരിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് പ്രൊപ്പോസൽ തയ്യാറാക്കി നൽകിയിട്ടുള്ളതാണ്.

ഓഡിറ്റിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

2.2.3 2003 മാർച്ചിൽ സി. എഫ്. വിളക്കുകൾ വാങ്ങിയതിന് ശേഷം ഒരു വർഷം കഴിഞ്ഞാണ് ഇവ സ്ഥാപിച്ചത് എന്നത് ഭരണസമിതിയുടെയും ഉദ്യോഗസ്ഥന്മാരുടെയും ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. ഒരു വർഷ വാറണ്ടി കാലാവധി കഴിഞ്ഞതിനാൽ കേടായ 50% സി. എഫ്. വിളക്കുകളുടെ വില നഷ്ടമായി. സി. എഫ് വിളക്കുകൾ വാങ്ങുന്നതിന് മുമ്പ് സമയബന്ധിതമായി കെ. എസ്. ഇ. ബി.-യിൽ നിന്ന് എസ്റ്റിമേറ്റ് വാങ്ങാത്തതും കെ. എസ്. ഇ. ബി യുമായി കരാർ വയ്ക്കാത്തതുംമൂലമാണ് നഷ്ടം സംഭവിച്ചത്. ഗുണനിലവാര പരിശോധന നടത്താതെയാണ് സി. എഫ്. വിളക്കുകൾ വാങ്ങിയത് എന്ന അപാകതയും നിലനിൽക്കുന്നു.

ഖണ്ഡിക നമ്പർ 33

ശിപാർശ

2.2.4 ഓഡിറ്റിൽ പരാമർശ വിധേയമായ പദ്ധതിയുടെ നടത്തിപ്പിൽ ഭരണ സമിതിയുടെയും ഉദ്യോഗസ്ഥരുടെയും ഭാഗത്തുനിന്നും ഗുരുതരമായ അനാസ്ഥയും വീഴ്ചയുമുണ്ടായതായും ആയത് പദ്ധതി പാഴ്ച്ചെലവിനും പദ്ധതി ലക്ഷ്യം നിറവേറ്റുന്നതിലെ പരാജയത്തിനും കാരണമായതായും സമിതി വിലയിരുത്തുന്നു. ആയതിനാൽ പദ്ധതി യഥാസമയം നടപ്പാക്കുന്നതിലുണ്ടായ കാലതാമസത്തിന്റെ ഫലമായുണ്ടായ നഷ്ടത്തിനുത്തരവാദികളായവരെ കണ്ടെത്തുവാനും മാതൃകാപരമായ വകുപ്പുതല നടപടികൾ സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.2.5 വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

ഓഡിറ്റിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

2.2.6 നഷ്ടത്തിനുത്തരവാദികളായവർക്കെതിരെ സ്വീകരിച്ച വകുപ്പുതല നടപടികൾ സംബന്ധിച്ച വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

തുടർശിപാർശ

2.2.7 നഷ്ടത്തിനുത്തരവാദികളായവർക്കെതിരെ സ്വീകരിച്ച വകുപ്പുതല നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

## ഖണ്ഡിക നമ്പർ 59, 60

### ഖണ്ഡിക നമ്പർ 59

**ശിപാർശ**

2.3.1 പ്രമാടം ഗ്രാമപഞ്ചായത്തിൽ 1998-1999 ലെ മണൽ ശേഖരണം, ഇറച്ചി വ്യാപാരം, കിസ്ത് പിരിക്കൽ എന്നിവയ്ക്കുള്ള അവകാശം ലേലം ചെയ്തപ്പോൾ ലേലത്തുകയുടെ 5% വരുന്ന തുകയ്ക്ക് മുദ്രപ്പത്രത്തിൽ കരാർ വയ്ക്കാത്തതിനാൽ 68,859 രൂപ സർക്കാരിന് നഷ്ടമുണ്ടായതായി സമിതി വിലയിരുത്തുന്നു. എന്നാൽ ലേലത്തുക മുഴുവൻ അടച്ച് കരാർ വച്ചിട്ടുണ്ടെന്നും പ്രസ്തുത ഫയൽ സെക്ഷൻ ക്ലാർക്കിന്റെ കൈവശമായിരുന്നെന്നും ഓഡിറ്റ് നടന്ന സമയത്തോ 21-3-2011-ലെ നോട്ടീസ് ലഭിക്കുന്നതുവരെയോ ഇപ്രകാരം ഒരു വീഴ്ച വന്ന വിവരം ആരും തന്നെ അറിയിച്ചിട്ടില്ലെന്നും പല തവണ ഓഫീസ് മാറേണ്ടി വന്നതുമൂലം പ്രസ്തുത കരാർ നഷ്ടപ്പെട്ടതാകാമെന്നും തെളിവെടുപ്പ് വേളയിൽ മുൻ സെക്രട്ടറി വിശദീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ആവശ്യപ്പെട്ടിരുന്നു. സമിതി നിർദ്ദേശാനുസരണം സർക്കാർ നൽകിയ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിൽ 2008-ൽ ഉത്തരവാദികളായ ലേലക്കാർക്ക് നോട്ടീസ് അയച്ചെന്നും അവർ ആയതിന് മറുപടി നൽകിയില്ലായെന്നും ഫയലിൽ നിന്ന് മനസ്സിലാകുന്നുവെന്നും 1997-98-ലെ ലേലം സംബന്ധിച്ച ഫയലുകൾ യാതൊന്നും ലഭ്യമല്ലെന്ന് സെക്രട്ടറി രേഖാമൂലം അറിയിച്ചിട്ടുണ്ടെന്നും ഓഡിറ്റ് സമയത്ത് അറിയിക്കാതിരുന്നതുമൂലമാണ് കരാർ രേഖകൾ യഥാസമയം ഹാജരാക്കാതിരുന്നതെന്നും പരാമർശ കാലത്തെ സെക്രട്ടറി 2001-ൽ സർവ്വീസിൽ നിന്നും വിരമിച്ചുവെന്നുമാണ് അറിയിച്ചിരിക്കുന്നത്.

### ഖണ്ഡിക നമ്പർ 60

**ശിപാർശ**

2.3.2 ലേലവും ഓഡിറ്റും നടന്ന സമയം തമ്മിൽ വലിയ അന്തരമുള്ളതായി സമിതി കാണുന്നില്ല. 1998-1999 ലേക്കുള്ള ലേലം സംബന്ധിച്ച രേഖകൾ ഓഡിറ്റ് വേളയിൽ ഹാജരാക്കാതിരിക്കുകയും കരാർ രേഖയുടെ അഭാവം ഓഡിറ്റ് ചൂണ്ടിക്കാണിച്ച് ആയിനത്തിൽ സർക്കാരിനുണ്ടായ നഷ്ടം വ്യക്തമാക്കുകയും ചെയ്ത സന്ദർഭത്തിൽ രേഖകൾ ഹാജരാക്കാതെ കരാർ വച്ചിരുന്നുവെന്ന് വാക്കാൽ മാത്രം ഉറപ്പ് പറയുന്നത് അംഗീകരിക്കത്തക്കതല്ല. ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം സർക്കാർ കാര്യങ്ങളിൽ നടപടിക്രമങ്ങൾ പാലിക്കേണ്ടതും അവ പാലിച്ചിരുന്നുവെന്ന് തെളിയിക്കുന്ന രേഖകൾ സൂക്ഷിക്കേണ്ടതും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തമാണ്. ഇത്തരം വീഴ്ചയുടെ ഫലമായി സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടത്തിന്റെ ബാധ്യത ഉത്തരവാദികളായ

ഉദ്യോഗസ്ഥർ ഏറ്റെടുക്കേണ്ടതാണ്. സേവനത്തിൽ നിന്ന് വിരമിച്ചുവെന്നതുകൊണ്ട് പ്രസ്തുത ബാധ്യത ഇല്ലാതാകുന്നില്ല. ഇതു സംബന്ധിച്ച് 19-3-2012-ലെ പഞ്ചായത്ത് ഭരണസമിതിയുടെ നിഗമനങ്ങളോടും സമിതി യോജിക്കുന്നില്ല. ആയതിനാൽ ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള തുകയ്ക്ക് കരാർ വച്ച രേഖകൾ കണ്ടെത്തുകയോ അവ കണ്ടെത്താൻ കഴിയാത്തപക്ഷം ഓഡിറ്റ് ചൂണ്ടിക്കാട്ടിയതുപോലെ കരാർ വച്ചിരുന്നില്ല എന്ന നിഗമനത്തിൽ പ്രസ്തുത തുക സാധാരണ പലിശ സഹിതം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ചട്ടപ്രകാരം ഈടാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.3.3 പ്രമാടം ഗ്രാമപഞ്ചായത്തിൽ തിരച്ചിൽ നടത്തിയെങ്കിലും 1997-98 വരെ മണൽ ശേഖരണം, ഇറച്ചി വ്യാപാരം എന്നിവയുമായി ബന്ധപ്പെട്ട ലേല ഡയറി, ലേല രജിസ്റ്റർ എന്നിവ കണ്ടെത്തുന്നതിന് സാധിച്ചിട്ടില്ലാത്തതാണ്. ഈ കാലയളവിൽ സെക്രട്ടറിയായിരുന്ന ശ്രീമതി ശാന്തകുമാരിയമ്മ, വലിയകാലായിൽ വീട്, അഴൂർ, പത്തനംതിട്ട എന്നയാൾ 2001 സെപ്റ്റംബറിൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതാണ്. സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാരിന് നഷ്ടമായ തുകയായ 68,859 രൂപ ടിയാനിൽ നിന്നും ഈടാക്കുന്നതിനായി നോട്ടീസ് സി/1242/15 നമ്പരായി 9-3-2015-ൽ നൽകിയിട്ടുണ്ട്. ആർ. ആർ റിക്കവറിക്കായി 22-7-2015-ൽ ആർ. ആർ/2015/3445/3 നമ്പരായി നൽകി നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>ഓഡിറ്റിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

2.3.4 പ്രമാടം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 17-7-2015-ലെ C-3512/15 നമ്പർ കത്ത് പ്രകാരവും നടപടി വിശദീകരണ പത്രിക പ്രകാരവും സെക്രട്ടറിയായിരുന്ന ശ്രീമതി ശാന്തകുമാരിയമ്മ വലിയകാലായിൽ വീട്, അഴൂർ, പത്തനംതിട്ട എന്നയാൾക്കെതിരെ 22-7-2015-ലെ RR/2015/3445/3 മുഖേന റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്.

2.3.5 ഇതിനെതിരെ ടിയാൾ തിരുവനന്തപുരം, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA (EKM) 262/16 ആയി കേസ് ഫയൽ ചെയ്തിരുന്നു. ട്രൈബ്യൂണലിന്റെ 15-2-2016-ലെ ഉത്തരവുപ്രകാരം പ്രമാടം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നടപടികൾ 6 ആഴ്ചത്തേയ്ക്ക് സ്റ്റേ ചെയ്തിട്ടുണ്ട്.

<u>തുടർ ശിപാർശ</u>

2.3.6 പ്രമാടം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീമതി ശാന്തകുമാരിയമ്മ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത കേസിന്റെ 22-2-2017-ലെ ഹിയറിംഗിന് ശേഷം കേസിന്റെ അവസ്ഥ സംബന്ധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകുവാൻ ബന്ധപ്പെട്ട വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

ഖണ്ഡിക നമ്പർ 73

## ശിപാർശ

2.4.1 ഉറുമ്പിനി തോടിന് കുറുകെ പാലം നിർമ്മിക്കുന്നതിന് 11,85,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രാദേശിക നിരക്ക് പ്രകാരം തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിനേക്കാൾ 49.5% ടെണ്ടർ അധികത്തിന് പ്രസ്തുത പ്രവൃത്തി കരാറുകാരന് നൽകുകയും ചെയ്തു എന്ന ഓഡിറ്റ് പരാമർശം വസ്തുതയാണെന്ന് സമിതി വിലയിരുത്തുന്നു. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തിയുടെ ടെണ്ടർ പത്രത്തിൽ പരസ്യം ചെയ്ത് ഏറ്റവും കുറവ് ക്വാട്ട് ചെയ്ത് കരാറുകാരനുമായി നെഗോസിയേഷനിലൂടെയാണ് കരാർ ഉറപ്പിച്ചതെന്നും ടെണ്ടർ വേളയിൽ കരാറുകാർ EMD അടച്ചിരുന്നുവെന്നും മതിയായ വിവരങ്ങൾ രജിസ്റ്ററിലോ ടെണ്ടർ ഫയലിലോ മിനിട്ട്സ് ബുക്കിലോ രേഖപ്പെടുത്താത്തതാണ് വീഴ്ചയെന്നും സമിതി വിലയിരുത്തുന്നു. അധിക പ്രവൃത്തി ചെയ്യുന്നതിന് മതിയായ അംഗീകാരം വാങ്ങാതിരുന്നത് വീഴ്ചയായി സമിതി നിരീക്ഷിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണ രേഖകൾ ചട്ടം അനുശാസിക്കുംവിധം സൂക്ഷിക്കുന്നില്ലായെന്നും യഥാസമയം ഓഡിറ്റിന് ഹാജരാക്കുന്നില്ലായെന്നും നിരീക്ഷിക്കുന്ന സമിതി ആയത് സംബന്ധിച്ച കർശന നിർദ്ദേശം ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകാൻ സർക്കാരിനോട് ശിപാർശ ചെയ്യുന്നു. പ്രസ്തുത പ്രവൃത്തിയിൽ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല എന്ന സർക്കാർ ലഭ്യമാക്കിയ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ടി ചെലവിന് സർക്കാർ സാധൂകരണം നൽകുന്നതിന് വിധേയമായി ഓഡിറ്റ് തടസ്സം നീക്കാൻ നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.4.2 പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

## ഓഡിറ്റിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

2.4.3 ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-2016) യുടെ 29-ാമത് റിപ്പോർട്ടിന്മേൽ തുടർ നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 10-6-2015-ലെ എൽ. എഫ്. പി. റ്റി. എ/പി1/416/15 നമ്പർ കത്തു മുഖേന ആവശ്യപ്പെട്ടിരുന്നു. എന്നാൽ മറുപടി ലഭിച്ചിട്ടില്ല. നടപടി വിശദീകരണ പത്രിക പ്രകാരവും മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവിന് സർക്കാർ സാധൂകരണം നൽകുന്നതിന് വിധേയമായി ഓഡിറ്റ് തടസ്സം നീക്കാനായിരുന്നു ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-2016) ശിപാർശ ചെയ്തിരുന്നത്.

## തുടർ ശിപാർശ

2.4.4 പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേലുള്ള മറുപടി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കി സമിതിക്ക് സമർപ്പിക്കുവാൻ ബന്ധപ്പെട്ട വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.

## അദ്ധ്യായം 3

**സർക്കാരിന്റെ/സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തരനടപടി തുടരേണ്ടതില്ല എന്ന് സമിതി തീരുമാനിച്ച ശിപാർശകളും അവയ്ക്കുള്ള മറുപടികളും**

ഖണ്ഡിക നമ്പർ 11, 12

ഖണ്ഡിക നമ്പർ 11

### ശിപാർശ

3.1.1 ശക്തിമംഗലം ഗണപതിക്കുളം പുനരുദ്ധാരണത്തിന് അർഹമായ നിരക്കിനേക്കാൾ 26,637 രൂപ അധികമായി നൽകിയതായ പരാമർശത്തിന് കാരണം രണ്ടു താലൂക്കുകളിലെ റേറ്റുകൾ തമ്മിലുള്ള അന്തരമാണെന്നും തദ്ദേശസ്വയംഭരണ വകുപ്പിന് സ്വന്തമായി എഞ്ചിനീയറിംഗ് സംവിധാനം ഇല്ലാതിരുന്ന കാലഘട്ടത്തിൽ വാട്ടർ അതോറിറ്റിയുടെയും ഇറിഗേഷൻ വകുപ്പിന്റെയും എഞ്ചിനീയർമാർ മുഖേനയാണ് എസ്റ്റിമേറ്റ് എടുത്തിരുന്നതെന്നും അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ചില സ്ഥലങ്ങളിൽ കൺവേയൻസ് ആക്ച്വലും ചില ഇടങ്ങളിൽ ശരാശരി റേറ്റുമാണ് കൊടുത്തിരുന്നത് എന്നും എസ്റ്റിമേറ്റ് പരിശോധിച്ച ടെക്നിക്കൽ കമ്മിറ്റി ആയത് അംഗീകരിച്ചിരുന്നെന്നും തെളിവെടുപ്പ് വേളയിൽ സമിതിക്ക് ബോധ്യമായി. എന്നാൽ സർക്കാർതലത്തിൽ മേൽ നടപടികൾക്കായി ഇക്കാര്യങ്ങൾ വിശദീകരിക്കപ്പെട്ടിരുന്നില്ലെന്ന് നിരീക്ഷിച്ച സമിതി പ്രസ്തുത വിഷയം സർക്കാർ മുമ്പാകെ സമർപ്പിച്ച് ഉചിതമായ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

ഖണ്ഡിക നമ്പർ 12

### ശിപാർശ

3.1.2 ഓഡിറ്റ് പരാമർശത്തിന് വിധേയനായ എഞ്ചിനീയറുടെ വിശദീകരണത്തിന്റെയും ആയതിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ മറുപടിയുടെയും അടിസ്ഥാനത്തിൽ ടിയാനെ ബാധ്യതയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്ന് സർക്കാർ അറിയിച്ചിരിക്കുന്നു. ഓഡിറ്റ് തടസ്സം ഒഴിവാക്കാനുള്ള സർക്കാരിന്റെ തീരുമാനം അംഗീകരിച്ചുകൊണ്ട് ഇക്കാര്യത്തിലുള്ള മേൽ നടപടികൾ അവസാനിപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.1.3 തദ്ദേശസ്വയംഭരണ വകുപ്പിന്റെ 7-9-2012-ലെ 36928/എബി1/12/തസ്വഭവ. പ്രകാരം ഒഴിവാക്കിയിട്ടുള്ളതായി പരാമർശത്തിനുത്തരവാദിയായ എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. നടപടി ഒഴിവാക്കിയിട്ടുള്ളതായി ശിപാർശ ചെയ്തിട്ടുണ്ട്.

ഓഡിറ്റിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.1.4 ബഹു. നിയമസഭാ സമിതിയുടെ നിർദ്ദേശാനുസരണം പത്തനംതിട്ട ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 17-3-2015-ലെ എൽ. എഫ്. പി. റ്റി. എ. പി1/108/2015 ഉത്തരവ് പ്രകാരം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 15

ശിപാർശ

3.2.1 ഗ്രാമപഞ്ചായത്തിന്റെ ഇറച്ചി സ്റ്റാളുകൾ, ചന്ത ഗേറ്റ് ഫീസ് പിരിവ് ഉൾപ്പെടെ മാർക്കറ്റിന്റെ 2004-05-ലെ അവകാശം ലേലം ചെയ്തതിൽ മുൻ വർഷത്തെ ലേലത്തുകയേക്കാൾ 1,01,170 രൂപയുടെ കുറവ് വന്നതായി സമിതി നിരീക്ഷിച്ചു. എന്നാൽ ആദ്യ ലേലത്തുക കുറവായതിനാൽ രണ്ടാമതും ലേലം നടത്തിയിരുന്നുവെന്നും അതിലും ലേലത്തുക വർദ്ധിക്കാത്തതിനാലാണ് ലേലമുറപ്പിച്ചതെന്നും പുനർലേലം കഴിഞ്ഞാൽ ക്വട്ടേഷൻ വിളിക്കണമെന്ന വ്യവസ്ഥ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും പുനർലേലത്തിൽ ആരും പങ്കെടുക്കുന്നില്ലെങ്കിൽ മാത്രമേ ക്വട്ടേഷൻ ക്ഷണിക്കുവാൻ കഴിയുകയുള്ളൂവെന്നും 2003-04-ലെ ലേലത്തിൽ പങ്കെടുത്തവർ തമ്മിലുള്ള മത്സരംമൂലമാണ് പ്രസ്തുത വർഷം കൂടുതൽ തുക ലേലത്തിൽ ലഭിച്ചതെന്നും സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ വ്യക്തമാക്കിയിട്ടുണ്ട്.

സർക്കാർ സ്വീകരിച്ച നടപടി

3.2.2 2003-04 വർഷം ലേലത്തിന് പങ്കെടുത്തവർ ആരോഗ്യകരമല്ലാത്ത വിധം മത്സരത്തിൽ ഏർപ്പെട്ടതുകൊണ്ടാണ് ലേലസംഖ്യ കൂടിയത്. എന്നാൽ അടുത്ത വർഷം ആദ്യ ലേലത്തിൽ പങ്കെടുത്തവരാരും ലേലം വിളി കേൾക്കാൻ തയ്യാറായിട്ടില്ല. തുടർന്ന് പുനർലേലം നടത്തുകയും കൂടുതൽ തുകയ്ക്ക് വിളികേട്ടവർക്ക് കമ്മിറ്റി തീരുമാന പ്രകാരം ലേലം അംഗീകരിച്ച് നൽകുകയും ചെയ്തു. ആയത് സംബന്ധിച്ച് കമ്മിറ്റി തീരുമാനം ലോക്കൽ ഫണ്ട് ആഡിറ്റ് മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

ഖണ്ഡിക നമ്പർ 16

ശിപാർശ

3.3.1 2002-03-ലേതിനേക്കാൾ ഇരട്ടിയിലധികം തുകയ്ക്കാണ് 2003-04-ൽ ലേലം വിളിച്ചിട്ടുള്ളതെന്ന് നിരീക്ഷിച്ച സമിതി 2004-05-ൽ 2001-02, 2002-03 എന്നീ വർഷങ്ങളിലേതിനേക്കാൾ ലേലത്തുക കുറഞ്ഞിട്ടില്ലെന്നും മറിച്ച് ആനുപാതികമായ വർദ്ധനവുണ്ടായിട്ടുണ്ടെന്നും വിലയിരുത്തുന്നു. ആയതിൽ നിന്നും ഗ്രാമപഞ്ചായത്തിന്റെയും സ്റ്റേറ്റ് പെർഫോമൻസ് ഓഫീസറുടെയും മറുപടി യുക്തിസഹമാണെന്നും പഞ്ചായത്തിന് വരുമാനനഷ്ടമുണ്ടാക്കുന്ന

തരത്തിൽ ബോധപൂർവ്വമായ ഒരു ശ്രമവും പഞ്ചായത്തിന്റെയോ സെക്രട്ടറിയുടേയോ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ലെന്നും ഉദ്യോഗസ്ഥരുടെ വിശദീകരണം പരിഗണിക്കപ്പെടേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു. പ്രസ്തുത സാഹചര്യത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.3.2 നടപടി ഒഴിവാക്കിയിട്ടുള്ളതായി ശിപാർശ ചെയ്തിട്ടുണ്ട്.

<u>ഓഡിറ്റിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.3.3 ബഹു. നിയമസഭാ സമിതിയുടെ നിർദ്ദേശാനുസരണം പത്തനംതിട്ട ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 17-3-2015-ലെ എൽ. എഫ്. പി. റ്റി. എ. പി 1/108/2015 ഉത്തരവ് പ്രകാരം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 23

<u>ശിപാർശ</u>

3.4.1 കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നത് എസ്. ജി. എസ്. വൈ.-യുടെ മാനദണ്ഡങ്ങൾക്ക് വിധേയമായും തൊഴിൽ സംരംഭത്തിൽ രേഖകളും, പ്രോജക്ട് റിപ്പോർട്ട്, ബാങ്ക് അക്കൗണ്ട് തുടങ്ങിയ രേഖകളും ഹാജരാക്കുമ്പോൾ 50% സബ്സിഡിയായിട്ടാണ് തുക നൽകേണ്ടതെന്നും സമിതി മനസ്സിലാക്കുന്നു. എന്നാൽ മാർഗ്ഗരേഖകൾ ലംഘിച്ചാണ് കുടുംബശ്രീ യൂണിറ്റുകളെ തെരഞ്ഞെടുത്തതെന്ന് നിരീക്ഷിച്ച സമിതി എല്ലാ രേഖകളും പരിശോധിച്ച് റിപ്പോർട്ട് ചെയ്യുവാൻ തെളിവെടുപ്പ് യോഗത്തിൽ ആവശ്യപ്പെട്ടിരുന്നു. സമിതി നിർദ്ദേശപ്രകാരം സർക്കാർ നൽകിയ മറുപടിയിൽ 2002-03 വാർഷിക പദ്ധതിയിലുൾപ്പെടുത്തി 2001-02 സ്പിൽ ഓവർ പദ്ധതിയിലെ 2,87,500 രൂപയും 2002-03 ലെ പദ്ധതി തുകയായ 2,00,000 രൂപയും ചേർത്ത് ആകെ 4,87,500 രൂപ കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ടായി വിതരണം ചെയ്തതായും തുക കൈപ്പറ്റിയ കുടുംബശ്രീ യൂണിറ്റുകൾ സ്ത്രീകളുടെ അഭിവൃദ്ധിയും സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകിക്കൊണ്ട് വരുമാനദായക പ്രവൃത്തികളിൽ ഏർപ്പെടുന്നതായും ആവശ്യപ്പെടുന്നപക്ഷം റിവോൾവിംഗ് ഫണ്ട് തിരിച്ചടയ്ക്കുവാൻ പര്യാപ്തമാണ് ടി യൂണിറ്റുകളെന്നും വി. ഇ. ഒ. റിപ്പോർട്ട് ചെയ്തിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ കുടുംബശ്രീ യൂണിറ്റുകളിൽ മിനിട്ട്സ് കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല എന്ന പ്രവണത ഉള്ളതായി സമിതി നിരീക്ഷിക്കുന്നു. സർക്കാർ ധനസഹായം കൈപ്പറ്റുന്ന എല്ലാ കുടുംബശ്രീ യൂണിറ്റുകളും മിനിട്ട്സും മറ്റ് അനുബന്ധ രേഖകളും കൃത്യമായി സൂക്ഷിക്കണമെന്ന നിർദ്ദേശത്തോടെ പരാമർശ വിധേയമായ എല്ലാ കുടുംബശ്രീ യൂണിറ്റുകളും നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നതായുള്ള സർക്കാർ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.4.2 ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്തിട്ടുണ്ട്.

<u>ഓഡിറ്റിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.4.3 ബഹു. നിയമസഭാ സമിതിയുടെ നിർദ്ദേശാനുസരണം പത്തനംതിട്ട ജില്ലയിൽ ലോക്കൽഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 17-3-2015-ലെ എൽ. എഫ്. പി. റ്റി. എ. പി1/108/2015 ഉത്തരവ് പ്രകാരം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 31

<u>ശിപാർശ</u>

3.5.1 ഏനാദിമംഗലം ഗ്രാമപഞ്ചായത്ത് 2002-03 ലെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി പട്ടികജാതി മേഖലയിലും പൊതുവിഭാഗത്തിലുമായി നടപ്പാക്കിയ സി. എഫ്. വിളക്കുകൾ സ്ഥാപിക്കൽ പദ്ധതികൾക്കായി ആകെ 2,86,035 രൂപ (സി. എഫ്. വിളക്കുകളുടെ വില 2,64,735 രൂപ വിളക്കുകൾ സ്ഥാപിക്കുവാൻ കെ. എസ്. ഇ. ബി-യിൽ അടച്ച തുക 21,300 രൂപ) ചെലവാക്കിയതായി സമിതി മനസ്സിലാക്കുന്നു. ഓഡിറ്റ് പരാമർശത്തിന്മേൽ നടന്ന സമിതിയുടെ തെളിവെടുപ്പ് വേളയിൽ വ്യക്തമായ മറുപടി ലഭിക്കാത്തതിനെത്തുടർന്ന് അന്വേഷണം നടത്തി വിശദമായ റിപ്പോർട്ട് നൽകുവാൻ സമിതി ആവശ്യപ്പെട്ടിരുന്നു. പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സർക്കാർ മുഖേന സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൻ പ്രകാരം രണ്ടു പദ്ധതികൾക്കും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിരുന്നതായി സമിതിക്ക് ബോദ്ധ്യമായി. എന്നാൽ പട്ടികജാതി മേഖലയിലെ പ്രോജക്ടിന്റെ ധനകാര്യ വിശകലനത്തിൽ പറഞ്ഞിട്ടുള്ള തുകയും അടങ്കൽ തുകയും പൊരുത്തപ്പെടുന്നില്ല എന്ന ഡെപ്യൂട്ടി ഡയറക്ടറുടെ നിഗമനം സമിതി ഗൗരവമായി വീക്ഷിക്കുന്നു. കൂടാതെ പദ്ധതികൾക്കായി വാങ്ങിയതും സൗജന്യമായി കമ്പനി നൽകിയതും സ്ഥാപിച്ചതുമായ വിളക്കുകളുടെ കണക്കുകളും പൊരുത്തപ്പെടുന്നില്ല എന്ന് സമിതി നിരീക്ഷിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.5.2 2002-03 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ സി. എഫ്. വിളക്കുകൾ സ്ഥാപിക്കൽ എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് 233 സി. എഫ്. വിളക്കുകൾ സർക്കാർ ഏജൻസിയായ സിഡ്കോയിൽ നിന്നും വാങ്ങുകയുണ്ടായി. അവയിൽ 213 എണ്ണം ഏഴംകുളം, പത്തനാപുരം, കലഞ്ഞൂർ എന്നീ കെ. എസ്. ഇ. ബി. പരിധികളിലായി സ്ഥാപിക്കുകയും ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുകയും ചെയ്തു. ഗ്രാമപഞ്ചായത്ത് 24-3-2004-ലെ III(8)-ാം നമ്പർ തീരുമാന പ്രകാരം ബാക്കിയുള്ള 20 സി. എഫ്. ലാംപുകൾ ഇൻസ്റ്റലേഷൻ ചാർജ്ജ് അടച്ച് 4, 6 വാർഡുകളിലെ തുണ്ടുവിള ജംഗ്ഷൻ,

കെ. പി. റോഡ്, ശാലേംപുരം, കോല്യാത്തോട്, ഉദയഗിരി ഭാഗം എന്നിവിടങ്ങളിൽ ഫ്ലൂറസെന്റ് ലാംപ്, ബൾബ് എന്നിവ കേടായി കിടന്ന പോസ്റ്റുകളിൽ സ്ഥാപിക്കുന്നതിന് തീരുമാനിച്ചു. ഈ പ്രദേശങ്ങളിലെ ബൾബ്, ട്യൂബ് എന്നിവ മഴയിലും വൻമരങ്ങളിൽ നിന്നും ശിഖരങ്ങൾ ഒടിഞ്ഞു വീണും മറ്റും നശിച്ചുപോകുന്നതിനാൽ ഗ്ലാസ് കവറിംഗ് ഉള്ള ഈ സി. എഫ്. ലാംപുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചു. അപ്രകാരം ടി വിളക്കുകൾ ഇൻസ്റ്റലേഷൻ ചാർജ്ജ് അടയ്ക്കാതെ തന്നെ സ്ഥാപിച്ചിട്ടുണ്ട്. കേടായ സി. എഫ്. ലാംപുകൾ 2004-05 വർഷം നന്നാക്കി കെ. എസ്. ഇ. ബി. അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നുള്ള സർട്ടിഫിക്കറ്റ് പ്രകാരം തുക നൽകിയിട്ടുണ്ട്. ഇവ സ്ഥാപിക്കുന്നതിൽ മനഃപൂർവ്വമായ കാലതാമസം ഉണ്ടായിട്ടില്ലാത്തതുമാകുന്നു. സിഡ്കോയിൽ നിന്നും രജിസ്ട്രേഷനുള്ള വ്യവസായ യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾ ടെണ്ടർ നടപടി കൂടാതെ വാങ്ങാവുന്നതാണെന്ന ധനവകുപ്പിന്റെ 18-3-2003-ലെ 4361/എ 3/01/എസ്. ഡി. ഡി. നമ്പർ സർക്കുലറിന്റെ അടിസ്ഥാനത്തിലാണ് തിരുവല്ല സിഡ്കോയിൽ നിന്നും 233 സി. എഫ്. ലാംപുകൾ നേരിട്ട് വാങ്ങിയത്. സർക്കാർ ഏജൻസി വഴി നൽകുന്ന സി. എഫ്. ലാംപുകൾ ഗുണനിലവാരം ഉറപ്പാക്കിയാണ് സപ്ലൈ ചെയ്തിരുന്നത് എന്നതിനാലാണ് പ്രത്യേക പരിശോധന നടത്താതിരുന്നത്. ഇക്കാര്യത്തിൽ മനഃപൂർവ്വമായ വീഴ്ച ഉണ്ടായിട്ടില്ല. മാത്രമല്ല ടി സി. എഫ്. ലാംപുകൾ കൂടുതലും സ്ഥാപിച്ചത് പഞ്ചായത്തിന്റെ കുന്നിൻ പ്രദേശങ്ങൾ ഉൾപ്പെടുന്ന പ്രദേശങ്ങളിലായിരുന്നു. ആയതിനാൽ തന്നെ മിക്ക സമയത്തും വൃക്ഷ ശിഖരങ്ങൾ ഇലക്ട്രിക്കൽ ലൈനിൽ തട്ടുന്നതു വോൾട്ടേജ് വ്യതിയാനം ഉണ്ടാകുന്നതിനും സി. എഫ്. ലാംപുകളുടെ ആയുസ്സിനെ ബാധിച്ചിരുന്നു. ടി 233 സി. എഫ്. ലാംപുകൾ 3 കെ. എസ്. ഇ. ബി. പരിധികളിൽ (പത്തനാപുരം-20, ഏഴംകുളം-141, കലഞ്ഞൂർ-72) സ്ഥാപിക്കുന്നതിന് കെ. എസ്. ഇ. ബി.-യിൽ അടയ്ക്കേണ്ട തുകയുടെ എസ്റ്റിമേറ്റ് ലഭിക്കാനും വളരെ കാലതാമസം വന്നു. അതും വാറന്റി പിരീഡിൽ ഉള്ളിൽ തന്നെ സ്ഥാപിക്കുന്നതിന് തടസ്സമായി 27-11-2003, 12-12-2003 തീയതികളിലാണ് കെ. എസ്. ഇ. ബി.-യിൽ തുക ഒടുക്കുവാൻ സാധിച്ചത്. മാത്രമല്ല സി. എഫ്. ലാംപുകൾ സ്ഥാപിക്കുന്നതിനുള്ള ഇലക്ട്രിക് പോസ്റ്റ്, പോയിന്റുകൾ നിശ്ചയിച്ചുകിട്ടുന്നതിന് താമസവും വന്നിരുന്നു. ഇക്കാരണങ്ങളാലാണ് 31-3-2003-ൽ വാങ്ങിയ സി. എഫ്. ലാംപുകൾ സ്ഥാപിക്കാൻ 9 മാസം കാലതാമസം വന്നത്. ഇക്കാര്യത്തിൽ മനഃപൂർവ്വമായ വീഴ്ച വരുത്തിയിട്ടില്ല. നടപടി ക്രമങ്ങൾ പൂർത്തിയാക്കി എസ്റ്റിമേറ്റ് പ്രകാരമുള്ള പണമടച്ച് പോയിന്റുകൾ നിർണ്ണയിച്ച് 233 എണ്ണം സി. എഫ്. ലാംപുകൾ സ്ഥാപിച്ച് കെ. എസ്. ഇ. ബി.-യിൽ നിന്നും പുതുക്കിയ സ്ട്രീറ്റ് ലൈറ്റ് പോയിന്റുകളുടെ സ്റ്റേറ്റ്മെന്റ് ലഭിച്ചിട്ടുള്ളതാണ്. ഗ്യാരന്റി പിരീഡ് കഴിഞ്ഞ് കേടായ ലൈറ്റുകൾ ഉൾപ്പെടെയാണ് 2004-05-ൽ നന്നാക്കി കെ. എസ്. ഇ. ബി. അസിസ്റ്റന്റ് എഞ്ചിനീയറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തുക നൽകിയത്.

ഓഡിറ്റിന്റെ സൂക്ഷ്മപരിശോധനാ കറിപ്പ്

3.5.3 സിഡ്കോയിൽ നിന്ന് വാങ്ങിയ 233 സി. എഫ്. വിളക്കകൾ എല്ലാം സ്ഥാപിച്ചതായി കെ. എസ്. ഇ. ബി.-യിൽ നിന്നുള്ള സാക്ഷ്യപത്രങ്ങൾ വാങ്ങി ഇപ്പോൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

ഖണ്ഡിക നമ്പർ 36

ശിപാർശ

3.6.1 പഞ്ചായത്ത് കോൺഫറൻസ് ഹാൾ നിർമ്മാണത്തിന് ഗുണഭോക്തൃ സമിതി രൂപീകരിക്കുകയും കൺവീനർക്ക് സമാഹരണ മുൻകൂറായി 50,000 രൂപ നൽകുകയും ചെയ്തെങ്കിലും ടിയാൾ ഒരു വർഷം കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിക്കുകയോ മുൻകൂർ തുക തിരികെ അടയ്ക്കുകയോ ചെയ്യാത്തതിന്റെ ഫലമായി പഞ്ചായത്തിന് പ്രസ്തുത തുക നഷ്ടപ്പെട്ടതായി സമിതി മനസ്സിലാക്കുന്നു. മുൻകൂർ നൽകിയ തുക 12% പലിശ ഉൾപ്പെടെ ഈടാക്കുന്നതിന് റവന്യൂ റിക്കവറി ആരംഭിച്ചെങ്കിലും ടിയാന്റെ പേരിൽ സ്ഥാവരജംഗമ സ്വത്തുക്കളൊന്നുമില്ലാത്തതിനാൽ കേവലം 1,666 രൂപ മാത്രം ഈടാക്കി നടപടി അവസാനിപ്പിച്ചതായാണ് അധികവിവര റിപ്പോർട്ടിൽ നിന്നും സമിതി മനസ്സിലാക്കുന്നത്.

സർക്കാർ സ്വീകരിച്ച നടപടി

3.6.2 കൺവീനറായ ശ്രീ. ബിജു സഖറിയ, തോണ്ടുതറയിൽ, പുന്നയ്ക്കാട് എന്ന വ്യക്തി അഡ്വാൻസായി വാങ്ങിയ 50,000 രൂപയും ആയതിന്റെ 12% പലിശയും ചേർത്ത് 1,27,683 രൂപ ടിയാനിൽ നിന്ന് റവന്യൂറിക്കവറിയിലൂടെ ഈടാക്കിത്തരുന്നതിന് പത്തനംതിട്ട ജില്ലാ കളക്ടറുടെ ഫോം 24-ൽ ഓൺലൈനായി 21-3-14-ൽ അപേക്ഷിച്ചിട്ടുള്ളതാണ്. പത്തനംതിട്ട ആർ. ആർ തഹസിൽദാരുടെ 10-11-2014-ലെ ബി5/2014/804/3/200 നമ്പർ കത്ത് പ്രകാരം ആദ്യ ഘട്ടമായി 38,305 രൂപയുടെയും 20-1-2015-ലെ ബി5/2014/804/3/200 നമ്പർ കത്ത് പ്രകാരം രണ്ടാം ഘട്ടമായി 4,762 രൂപയും തുടർന്ന് 4,762 രൂപ വീതം രണ്ട് ഗഡുവും 3,805 രൂപയുടെ രണ്ട് ഗഡു തുകയും ഉൾപ്പെടെ ഇതുവരെ ആകെ 60,201 രൂപ ഈടാക്കി ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി തുക അടുത്ത ഘട്ടങ്ങളിലായി ഈടാക്കി ലഭിക്കുന്നതാണെന്ന് ആർ. ആർ. തഹസിൽദാർ അറിയിച്ചിട്ടുണ്ട്.

ഓഡിറ്റിന്റെ സൂക്ഷ്മപരിശോധനാ കറിപ്പ്

3.6.3 കൺവീനറായിരുന്ന ശ്രീ. ബിജു സഖറിയ, തോണ്ടുതറയിൽ, പുന്നയ്ക്കാട് പി. ഒ. എന്നയാളിൽ നിന്നും 15-6-2015 വരെ 60,201 രൂപ റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വരുന്നതായി മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 7-7-2015-ലെ നമ്പർ എം.1/1869/15 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

## ഖണ്ഡിക നമ്പർ 37

### ശിപാർശ

3.7.1 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന വൈവിധ്യമാർന്ന പദ്ധതികളിൽ ബഹുഭൂരിപക്ഷവും ഗുണഭോക്തൃ സമിതി മുഖേനയാണ് പ്രാവർത്തികമാക്കുന്നത്. എന്നാൽ സമിതി മുമ്പാകെ വരുന്ന ഓഡിറ്റ് പരാമർശങ്ങളിൽ കൺവീനർമാർ മുൻകൂർ തുക കൈപ്പറ്റുകയും പ്രവൃത്തി ആരംഭിക്കാതിരിക്കുകയോ പാതിവഴിയിൽ ഉപേക്ഷിക്കുകയോ ചെയ്യുന്നതുമായ നിരവധി സംഭവങ്ങൾ ആവർത്തിക്കപ്പെടുന്നതായാണ് കാണുന്നത്. തൽഫലമായി പദ്ധതികൾ ലക്ഷ്യപ്രാപ്തിയിലെത്താതെ പോകുകയും സർക്കാർ പണം ദുരുപയോഗം ചെയ്യപ്പെടുകയും ചെയ്യുന്നു. മുൻകൂറായി പണം കൈപ്പറ്റുന്ന കൺവീനർമാർ പലപ്പോഴും തുക തിരിച്ചടയ്ക്കാൻ വൈമുഖ്യം കാട്ടുകയോ തിരിച്ചടയ്ക്കാൻ പ്രാപ്തിയില്ലാത്തവരായോ കാണപ്പെടുന്നു. ഇത് ശരിയായ പ്രവണതയല്ല. പദ്ധതികൾക്കായി സർക്കാർ അനുവദിക്കുന്ന പണം നിർദ്ദിഷ്ട കാര്യത്തിന് ശരിയായ രീതിയിൽ വിനിയോഗിക്കപ്പെടേണ്ടത് അനിവാര്യമാണ്. അനുവദിച്ച പണം അങ്ങനെ വിനിയോഗിക്കപ്പെടാത്തപക്ഷം കൈപ്പറ്റിയ തുക നിയമം അനുശാസിക്കും പ്രകാരമുള്ള പലിശ സഹിതം സർക്കാർ ഖജനാവിലേയ്ക്ക് തന്നെ തിരികെ അടയ്ക്കപ്പെടേണ്ടതാണ്. ആയതിനാൽ ഗുണഭോക്തൃ സമിതി മുഖേന നിർവഹിക്കപ്പെടുന്ന പ്രവൃത്തികൾക്കായി കൺവീനർമാർക്ക് മുൻകൂർ നൽകുമ്പോൾ പ്രവൃത്തി ആരംഭിക്കാതിരിക്കുകയോ പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുന്നപക്ഷം പ്രസ്തുത തുക പലിശ സഹിതം തിരികെ ഈടാക്കുവാനുള്ള വ്യവസ്ഥകൾക്ക് രൂപം നൽകേണ്ടത് അനിവാര്യമായിരിക്കുകയാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഇക്കാര്യത്തിൽ സർക്കാരിന്റെ സത്വരശ്രദ്ധ പതിയേണ്ടതാണെന്നും ആയതിനുവേണ്ട നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.7.2 മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ മുഴുവൻ പ്രവൃത്തികളും പൂർത്തീകരിക്കുകയോ അല്ലാത്തപക്ഷം തുക തിരികെ ഈടാക്കുകയോ ചെയ്തിട്ടുള്ളതാണ്. എന്നാൽ ഖണ്ഡിക 36-ൽ പറയുന്ന ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാൾ നിർമ്മാണം എന്ന പ്രവൃത്തിക്ക് മാത്രമാണ് അഡ്വാൻസ് കൈപ്പറ്റിയശേഷം ഗുണഭോക്തൃ സമിതി പ്രവൃത്തി പൂർത്തീകരിക്കാതിരിക്കുകയും വാങ്ങിയ തുക തിരികെ നൽകാതിരിക്കുകയും ചെയ്തിരുന്നത്. എന്നാൽ ഇപ്പോൾ പ്രസ്തുത കൺവീനറുടെ പക്കൽ നിന്നും 12% പലിശ സഹിതം തുക റവന്യൂ റിക്കവറിയിലൂടെ ഘട്ടം ഘട്ടമായി ഈടാക്കിവരുന്നുണ്ട്. ഇപ്പോൾ മുഴുവൻ തുകയുടെ 47.83% തുക വരെ ഈടാക്കിയിട്ടുണ്ട്. അക്കൗണ്ട്സ് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തുടർന്ന് ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് ഗവൺമെന്റ് നിർദ്ദേശിക്കുന്ന വ്യവസ്ഥ ബാധകമാക്കുന്നതാണെന്ന് റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

ഓഡിറ്റിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.7.3 ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് അഡ്വാൻസ് തുക നൽകുമ്പോൾ പ്രവൃത്തി പൂർത്തീകരിക്കുകയോ ആരംഭിക്കുകയോ ചെയ്യാത്തപക്ഷം തുക തിരികെ ഈടാക്കാനുള്ള വ്യവസ്ഥകൾക്ക് രൂപം നൽകാൻ ബഹു. നിയമസഭാ സമിതി സർക്കാരിനോട് നിർദ്ദേശിച്ചിരിക്കുന്നു. ഓഡിറ്റിന് ഈ വിഷയത്തിൽ നടപടികൾ അവശേഷിക്കുന്നില്ല.

ഖണ്ഡിക നമ്പർ 39

ശിപാർശ

3.8.1 തൊഴിലില്ലായ്മ വേതനം വിതരണം ചെയ്യുന്നതിന് തനത് ഫണ്ടിൽ നിന്ന് പിൻവലിച്ച് വിതരണം ചെയ്യാതെ അവശേഷിച്ച 28,800 രൂപ 14-9-2000-ൽ പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കിന്റെ മല്ലപ്പള്ളി ശാഖയിൽ പഞ്ചായത്ത് അക്കൗണ്ടിൽ തിരിച്ചടച്ചിട്ടുണ്ട് എന്ന സർക്കാരിന്റെ മറുപടിയുടെയും ആയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സ്പഷ്ടീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.8.2 പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

ഓഡിറ്റിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.8.3 ബഹു. നിയമസഭാ സമിതിയുടെ നിർദ്ദേശാനുസരണം പത്തനംതിട്ട ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 17-3-2015-ലെ എൽ. എഫ്. പി. റ്റി. എ. പി1/108/2015 ഉത്തരവ് പ്രകാരം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 46

ശിപാർശ

3.9.1 ചെക്ക് ഇഷ്യു രജിസ്റ്ററിൽ മോഷണം പോയതായി രേഖപ്പെടുത്തിയിട്ടുള്ള ചെക്ക് മുഖേന 50,000 രൂപ ജനറൽ പി. ഡി. അക്കൗണ്ടിൽ നിന്നും അപഹരിക്കപ്പെട്ടതായി സമിതി മനസ്സിലാക്കുന്നു. ചെക്ക് മോഷണത്തിലൂടെ 50,000 രൂപ അപഹരിച്ചതിൽ കുറ്റക്കാരനായി കണ്ടെത്തിയ പ്യൂണിനെതിരെ വിജിലൻസ് കേസ് നടന്നുവരുന്നതായും ടിയാനെതിരെ പ്രോസിക്യൂഷൻ നടപടി ആരംഭിച്ചതായും കേസിന്റെ ചാർജ്ജ് ഷീറ്റ് എൻക്വയറി ആന്റ് സ്പെഷ്യൽ ജഡ്ജ് കോടതിയിൽ സമർപ്പിച്ചതായും സർക്കാർ മറുപടിയിൽ നിന്ന് വ്യക്തമാകുന്നു. ടിയാനെതിരെയുള്ള പ്രസ്തുത കേസ് എത്രയും വേഗം തീർപ്പാക്കുന്നതിനും വിധിപ്രകാരം നടപടി സ്വീകരിക്കുവാനും റിപ്പോർട്ട് ചെയ്യാനും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.9.2 വിജിലൻസ് കോടതിയിൽ നടന്നുവരുന്ന കേസിൽ പ്യൂൺ ശ്രീ. ഇ. കെ. ഗോപാലകൃഷ്ണന്റെ കോട്ടയം വിജിലൻസ് എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് കോടതി 31-12-3-ലെ സി.സി 238/2008(ബി. സി/ 2/03/പി. റ്റി. എ.) നമ്പർ വിധിന്യായ പ്രകാരം രണ്ട് വർഷം കഠിന തടവിനും 50,000 രൂപ പിഴ ശിക്ഷയ്ക്കും വിധിച്ചതിന്റെ അടിസ്ഥാനത്തിൽ സർവ്വീസിൽ നിന്നും 10-6-2014 ലെ പഞ്ചായത്ത് ഡയറക്ടറുടെ ഡി6/20362/14 ഉത്തരവ് പ്രകാരം ഉടൻ പ്രാബല്യത്തിൽ സസ്പെന്റ് ചെയ്തിരുന്നു. വിജിലൻസ് കോടതി ഉത്തരവിനെതിരെ ടിയാൻ ഹൈക്കോടതിയിൽ നിന്നും 30-1-2014-ലെ സി. ആർ. എം. എ. നമ്പർ 628/14 സി. ആർ. എം. എ. നമ്പർ 99/2014(ജി) സ്റ്റേ ഉത്തരവ് സമ്പാദിച്ച് ജാമ്യം നേടിയിട്ടുള്ളതാണ്. വിജിലൻസ് കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാനെ 10-6-2014 മുതൽ സർവ്വീസിൽ നിന്നും താല്ക്കാലികമായി നീക്കം ചെയ്യുന്നതായി കാണിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് (ഇ. പി. ബി.) തിരുവനന്തപുരം നമ്പർ 29025/ഇ. പി. ബി2/2014 എൽ. എസ്. ജി. ഡി. കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിക്കുകയും ഇത് ടിയാന് നൽകുകയും ചെയ്തിട്ടുള്ളതാണ്. കൂടാതെ ടിയാൾക്ക് 18-2-2015-ൽ 56 വയസ്സ് പൂർത്തിയായിട്ടുള്ളതുമാണ്.

<u>ഓഡിറ്റിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.9.3 ആറന്മുള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 6-7-2015-ലെ എ 5-4312/15 നമ്പർ കത്ത് പ്രകാരം പ്യൂൺ ശ്രീ. ഇ. കെ. ഗോപാലകൃഷ്ണനെ കോട്ടയം വിജിലൻസ് എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് കോടതി 31-12-2013-ലെ CC238/2008/ (BC2/03/PTA) നമ്പർ വിധിന്യായ പ്രകാരം രണ്ട് വർഷം കഠിന തടവിനും 50,000 രൂപ പിഴ ശിക്ഷയ്ക്കും വിധിച്ചു. പഞ്ചായത്ത് ഡയറക്ടറുടെ 10-6-2014-ലെ ഡി6/20362/14 നമ്പർ ഉത്തരവ് പ്രകാരം ശ്രീ. ഇ. കെ. ഗോപാലകൃഷ്ണനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തതായും അറിയിച്ചിട്ടുണ്ട്. വിജിലൻസ് കോടതി ഉത്തരവിനെതിരെ ടിയാൻ ഹൈക്കോടതിയിൽ നിന്നും 30-1-2014-ലെ CRMA No. 628/14, MCRLA No. 99/2014(G) സ്റ്റേ ഉത്തരവ് സമ്പാദിച്ച് ജാമ്യം നേടിയിട്ടുള്ളതായി അറിയിച്ചു

ഖണ്ഡിക നമ്പർ 47

<u>ശിപാർശ</u>

3.10.1 തൊഴിലില്ലായ്മ വേതനം വിതരണത്തിന് ആവശ്യമായതിലും അധികം തുക പിൻവലിച്ചതും പ്രസ്തുത തുകയും വിതരണം ചെയ്തതിനുശേഷം മിച്ചം വന്ന തുകയും കൈയ്യിൽ സൂക്ഷിക്കുകയും ചെയ്ത സെക്രട്ടറിയുടെ നടപടി ക്രമവിരുദ്ധമാണെന്ന് സമിതി വിലയിരുത്തുന്നു. അധികം പിൻവലിച്ച തുക ബന്ധപ്പെട്ട സെക്രട്ടറി 9-10-2001-ൽ

ചെലാൻ പ്രകാരം ചെങ്ങന്നൂർ സബ്ട്രഷറിയിൽ അടച്ചതായും 30-4-2006-ൽ ടിയാൻ സർവ്വീസിൽ നിന്നും വിരമിച്ചതായും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത സാഹചര്യത്തിൽ ടി ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.10.2 നടപടി ഒഴിവാക്കാൻ ശിപാർശ ചെയ്തിട്ടുള്ളതിനാൽ തുടർ നടപടി ആവശ്യമില്ല.

ഓഡിറ്റിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.10.3 ബഹു. നിയമസഭാ സമിതിയുടെ നിർദ്ദേശാനുസരണം പത്തനംതിട്ട ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 17-3-2015-ലെ എൽ. എഫ്. പി. റ്റി. എ. പി 1/108/2015 ഉത്തരവ് പ്രകാരം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 50

ശിപാർശ

3.11.1 ആറന്മുള ഗ്രാമപഞ്ചായത്തിൽ 2000-01, 2001-02 കാലയളവിൽ തൊഴിൽ രഹിത വേതനം, പെൻഷൻ എന്നിവയുടെ വിതരണത്തിൽ ഗുരുതരമായ ക്രമക്കേടുകൾ നടന്നുവെന്ന ഓഡിറ്റ് പരാമർശത്തെ സമിതി ഗൗരവമായി വീക്ഷിക്കുന്നു. പരാമർശിത ഓഡിറ്റ് ഖണ്ഡികയിൽ ഒരു ഉദാഹരണമാണ് സൂചിപ്പിച്ചിട്ടുള്ളതെങ്കിലും ക്രമക്കേടുകൾ അതിലൊതുങ്ങുന്നതല്ല എന്ന് സമിതി ന്യായമായും സംശയിക്കുന്നു. ഒരേ വ്യക്തിക്ക് തന്നെ രണ്ടാനുകൂല്യങ്ങൾ നൽകിയെന്നത് തന്നെ ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയതുപോലെ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ മതിയായ അന്വേഷണം നടത്തുന്നില്ല എന്നതിന്റെ തെളിവാണ്. തൊഴിൽ രഹിത വേതനം, പെൻഷൻ എന്നിവയ്ക്കുള്ള അപേക്ഷകളിന്മേൽ ഉദ്യോഗസ്ഥർ മുഖേന അന്വേഷണം നടത്തിയാണ് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതെന്ന് ഓഡിറ്റിന് സമർപ്പിച്ച മറുപടിയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സൂചിപ്പിച്ചിരിക്കുന്നു. ചട്ടങ്ങൾ അനുശാസിക്കും പ്രകാരമുള്ള നടപടിക്രമം പാലിച്ച് മാത്രമേ ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ പാടുള്ളൂ എന്ന് സമിതി നിഷ്കർഷിക്കുന്നു.

3.11.2 ഒരേ കാലയളവിൽ ഒരു വ്യക്തിക്ക് തന്നെ രണ്ട് ക്രമനമ്പരുകളിലായി വികലാംഗ പെൻഷനും തൊഴിൽരഹിത വേതനവും നൽകിയ തുകയിൽ അധികമായി ഗുണഭോക്താവ് കൈപ്പറ്റിയ തുക തിരിച്ചുപിടിച്ചിട്ടുണ്ടെന്നും പ്രസ്തുത വിവരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ അറിയിച്ചിട്ടുണ്ടെന്നും രേഖകളുടെ പകർപ്പുകൾ സഹിതം ഹാജരാക്കിയതായി സർക്കാർ മറുപടിയിൽ വ്യക്തമാക്കിയിരിക്കുന്ന സാഹചര്യത്തിൽ തടസ്സങ്ങളിന്മേൽ അനന്തര നടപടികൾ അവസാനിപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.11.3 അനന്തര നടപടികൾ ഒഴിവാക്കാൻ ശിപാർശ ചെയ്തിട്ടുള്ളതിനാൽ മറ്റു നടപടികൾ ആവശ്യമില്ല.

ഓഡിറ്റിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.11.4 ബഹു. നിയമസഭാ സമിതിയുടെ നിർദ്ദേശാനുസരണം പത്തനംതിട്ട ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 17-3-2015-ലെ എൽ. എഫ്. പി. റ്റി. എ. പി 1/108/2015 ഉത്തരവ് പ്രകാരം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 81, 82

ഖണ്ഡിക നമ്പർ 81

ശിപാർശ

3.12.1 പടയണിപ്പാറ-കൊട്ടുമൂടി റോഡ് ജെ. ആർ. വൈ. പദ്ധതി പ്രകാരം 1992-93-ൽ ടാർ ചെയ്തിരുന്നുവെന്നും 1998-99-ൽ പ്രസ്തുത റോഡ് ഉദ്ധാരണ പ്രവൃത്തിയായി ഏറ്റെടുക്കുമ്പോൾ കുറെഭാഗം പൂർണ്ണമായും തകർന്നിരുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. എന്നാൽ എസ്റ്റിമേറ്റ് പ്രകാരം പൂർണ്ണമായി റോഡ് തകർന്ന സ്ഥലത്തിന്റെ ടാറിംഗിനും, ഭാഗികമായ അറ്റകുറ്റപ്പണി നടത്തേണ്ട സ്ഥലത്തിനും, ഒരേ നിരക്ക് അനുവദിച്ചതിലൂടെയും പൂർണ്ണമായി തകർന്ന സ്ഥലത്തെ മെറ്റലിംഗ് കൊത്തിയിളക്കുന്നതിനെന്ന് കാണിച്ച് പ്രത്യേക തുകയും കാന നിർമ്മാണത്തിന് ചട്ടവിരുദ്ധമായ നിരക്കും, അനുവദിച്ചതിലൂടെയും ആകെ 49,269 രൂപ അധികം നൽകിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു.

ഖണ്ഡിക നമ്പർ 82

ശിപാർശ

3.12.2 പ്രവൃത്തി സംബന്ധിച്ച രേഖകൾ വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ സമിതി നിർദ്ദേശിച്ചതിൻ പ്രകാരം സർക്കാർ ലഭ്യമാക്കിയ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ മറുപടിയിൽ എസ്റ്റിമേറ്റ് പ്രകാരം മുമ്പ് മെറ്റലിംഗ് ഉണ്ടായിരുന്നതും മെറ്റലിംഗ് പൂർണ്ണമായി തകർന്നതായി പറയുന്ന 725 മീ. നീളം വരുന്ന ഭാഗത്ത് റീ മെറ്റലിംഗ് നടത്തുന്നതിന് പ്രാരംഭ മെറ്റലിംഗിന് നിശ്ചയിച്ചിട്ടുള്ള നിരക്കാണ് നൽകിയിരിക്കുന്നതെന്നും മുൻപ് ഉണ്ടായിരുന്നതും കുത്തിയിളക്കിയപ്പോൾ ലഭ്യമായത് കഴിച്ചുള്ള മെറ്റൽ മതിയെന്നിരിക്കെ മുഴുവൻ മെറ്റലും പുതുതായി വാങ്ങി സ്റ്റോക്ക് ചെയ്തുവെന്നും കാണിച്ച് ബിൽ തയ്യാറാക്കി പണം നൽകിയതിലും എസ്റ്റിമേറ്റ് തയ്യാറാക്കിയതിലും പണി പൂർത്തീകരിച്ച് ബിൽ തയ്യാറാക്കിയതിലും പിഴവ് സംഭവിച്ചതായും എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറും എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി നൽകിയ ബ്ലോക്കുതല സാങ്കേതിക സമിതിയും എസ്റ്റിമേറ്റിൽ ഒപ്പ് രേഖപ്പെടുത്തിയ പത്തനംതിട്ട ഡി. ആർ. ഡി. എ. എക്സിക്യൂട്ടീവ് എഞ്ചിനീയറും ഒരുപോലെ ഉത്തരവാദികളാണെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു. കൂടാതെ അധികമായി കൺവീനർക്ക്

49,269 രൂപ നൽകാനിടയായ സാഹചര്യം നീതീകരിക്കത്തക്കതല്ലെന്നും ആയത് നിരാകരിച്ച ഓഡിറ്റിന്റെ നടപടി ശരിയാണെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു. എന്നാൽ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ ലോക്കൽ ഫണ്ട് ഓഡിറ്റ് അധികാരികൾ മുമ്പാകെ നേരിട്ട് ഹാജരായി പ്രവൃത്തിക്ക് അധികം മെറ്റീരിയൽസ് ഉപയോഗിച്ചതിന് വിശദീകരണം നൽകിയെന്നും പ്രസ്തുത വിശദീകരണം തൃപ്തികരമാണെന്നും പരാമർശം തീർപ്പാക്കി ടിയാനെ ബാധ്യതയിൽ നിന്നും ഒഴിവാക്കാവുന്നതാണെന്നുമാണ് 30-7-2012-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽ. എഫ്. 2159/സ്പെ. സെൽ. ജി.2/2012-ാം നമ്പർ കത്തിലൂടെ ശിപാർശ ചെയ്തിരിക്കുന്നത്. ഓഡിറ്റ് ഖണ്ഡികയിലെ ഓഡിറ്റിന്റെ നിഗമനത്തോട് തദ്ദേശസ്വയംഭരണ (പഞ്ചായത്ത്) വകുപ്പ് പത്തനംതിട്ട ജില്ലാ അസിസ്റ്റന്റ് ഡയറക്ടർ യോജിപ്പ് പ്രകടിപ്പിക്കുകയും എന്നാൽ ഓഡിറ്റ് മുൻ നിലപാടിൽ നിന്നും വ്യതിചലിച്ചിരിക്കുകയുമാണ് ചെയ്തിരിക്കുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. ഈ സാഹചര്യത്തിൽ എന്തടിസ്ഥാനത്തിലാണ് അസിസ്റ്റന്റ് എഞ്ചിനീയറുടെ വിശദീകരണം തൃപ്തികരമാണെന്ന നിഗമനത്തിൽ പരാമർശം തീർപ്പാക്കാവുന്നതാണെന്ന് ശിപാർശ ചെയ്തതെന്നും പ്രസ്തുത വിശദീകരണത്തിന്റെ പകർപ്പ് ലഭ്യമാക്കണമെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോട് സമിതി ആവശ്യപ്പെടുന്നു. പൂർണ്ണമായി തകർന്ന റോഡ് അറ്റകുറ്റപ്പണി എന്ന നിലയ്ക്ക് തുക നൽകിയതിനുശേഷം നിലവിലുള്ളത് കൊത്തിയിളക്കിയ പ്രവൃത്തിക്ക് കൂടി തുക നൽകിയത് ഉചിതമല്ലെന്നും എന്നാൽ അവയിലേതെങ്കിലുമൊന്നിന് അർഹതയുണ്ടെന്നും സമിതി വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ റോഡ് പൂർണ്ണമായി തകർന്നിരുന്നുവെങ്കിൽ ആയതിന് ചട്ടപ്രകാരമുള്ള തുക അനുവദിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ 49,269 രൂപ അധികമായി ചെലവുണ്ടായെന്ന ഓഡിറ്റ് ഖണ്ഡികയിലെ അഭിപ്രായത്തോട് പൂർണ്ണമായി സമിതി യോജിക്കുന്നില്ലെങ്കിലും ഈ പ്രവൃത്തിയിൽ ഒരു തുക നഷ്ടമുണ്ടായിട്ടുണ്ടെന്ന് കരുതുന്നു. ഈ സാഹചര്യത്തിൽ ഇക്കാര്യത്തിൽ യഥാർത്ഥത്തിൽ അനർഹമായി നൽകിയ തുകയെത്രയെന്ന് കണക്കാക്കി ആയത് ബന്ധപ്പെട്ട കൺവീനറിൽ നിന്നോ ടിയാനിൽ നിന്നോ ഈടാക്കുവാൻ സാധിക്കാത്തപക്ഷം അധിക തുക നൽകിയതിലൂടെ, നഷ്ടം വരുത്തിയതിനുത്തര വാദികളായ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, ബ്ലോക്കുതല സാങ്കേതിക സമിതി, പത്തനംതിട്ട ഡി. ആർ. ഡി. എ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നോ പലിശ സഹിതം തുല്യമായി ഈടാക്കി റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.12.3 ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള 49,269 രൂപ അധികമായി ചെലവായിട്ടുണ്ടെന്ന അഭിപ്രായത്തോട് ബഹുമാനപ്പെട്ട സമിതി പൂർണ്ണമായും

യോജിക്കാതിരുന്നിട്ടുള്ള സാഹചര്യത്തിലും ടി പ്രവൃത്തിയിൽ ഒരു തുക നഷ്ടമായിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട സമിതി കരുതുന്നതിനാലും അനർഹമായി നൽകിയിട്ടുള്ള തുക എത്രയെന്ന് കണക്കാക്കി ഉത്തരവാദികളായവരിൽ നിന്ന് ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതിനാലും അനർഹമായി നൽകിയിട്ടുള്ള തുക എത്രയെന്ന് വീണ്ടും ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം പരിശോധന നടത്തി നിശ്ചയിക്കേണ്ടതായിട്ടുണ്ട്. ആയത് നിശ്ചയിച്ച് നൽകണമെന്ന് കാണിച്ച് 10-3-2015-ൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പത്തനംതിട്ട സീനിയർ ഡെപ്യൂട്ടി ഡയറക്ടർക്ക് കത്ത് അയച്ചിട്ടുള്ളതാണ്.

ഓഡിറ്റിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.12.4 ഈ പദ്ധതി സംബന്ധിച്ച് അധികമായി നൽകിയ തുക എത്ര എന്ന് തിട്ടപ്പെടുത്താൻ ചിറ്റാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 20-7-2015 ലെ c4/910/15 നമ്പർ കത്ത് മുഖേന അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. കെ. കൃഷ്ണൻ ആചാരി ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്ന സാഹചര്യം നിയമസഭ സെക്രട്ടറിയും ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും ലഭ്യമാക്കിയ 22-9-2015-ലെ കെ. എസ്. എ 2159/ സ്പെ. സെൽ. ജി2/12 നമ്പർ കത്തുമുഖേന വ്യക്തമാക്കുകയുണ്ടായി.

ഖണ്ഡിക നമ്പർ 84

ശിപാർശ

3.13.1 റാന്നി-പഴവങ്ങാടി ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച പ്രസ്തുത ഓഡിറ്റ് പരാമർശം സമാഹൃത റിപ്പോർട്ടിൽ റാന്നി ഗ്രാമപഞ്ചായത്ത് എന്ന് തെറ്റായി രേഖപ്പെടുത്തിയതാണെന്ന് തെളിവെടുപ്പ് വേളയിൽ വ്യക്തമാക്കപ്പെടുകയുണ്ടായി. 2001-02 വർഷത്തെ ഓഡിറ്റ് അദാലത്ത് നടന്നപ്പോൾ പലിശയുൾപ്പെടെ 1,04,783 രൂപ ഗ്രാമപഞ്ചായത്തിന്റെ സേവിംഗ്സ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ടെന്ന വിവരം ലോക ബാങ്ക് അധികൃതർ അറിയിച്ചിട്ടുണ്ടെന്നും ആയത് ലോക്കൽ ഫണ്ട് ഓഡിറ്റ് അംഗീകരിച്ചിട്ടുണ്ടെന്നുമുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ പ്രസ്തുത പരാമർശത്തിന്മേലുള്ള തുടർനടപടി അവസാനിപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.13.2 തുക പഞ്ചായത്ത് അക്കൗണ്ടിൽ അടച്ചിട്ടുള്ളതിനാൽ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്തിട്ടുള്ളതാണ്.

ഓഡിറ്റിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.13.3 ബഹുമാനപ്പെട്ട നിയമസഭാ സമിതിയുടെ നിർദ്ദേശാനുസരണം പത്തനംതിട്ട ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 17-3-2015-ലെ എൽ. എഫ്. പി. റ്റി. എ. പി 1/108/2015 ഉത്തരവ് പ്രകാരം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 89

ശിപാർശ

3.14.1 2000-2001 വർഷം സ്പിൽ ഓവറായി നടപ്പിലാക്കിയ കാലിത്തൊഴുത്ത് നിർമ്മാണത്തിനായുള്ള പദ്ധതിയിൽ ഗ്രാമസഭയിൽ നിന്നും ഗുണഭോക്താക്കളായി 80 പേരെ തെരഞ്ഞെടുത്തുവെങ്കിലും ധനസഹായം നൽകിയ 49 പേരിൽ 7 പേർ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവരായിരുന്നു എന്ന് സമിതി മനസ്സിലാക്കുന്നു. സമിതി യോഗം ആവശ്യപ്പെട്ടതിൻ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം വിവിധ വാർഡുകളിലെ ഗ്രാമസഭാ മിനിട്ട്സ് പരിശോധിച്ചതിൽ ധനസഹായം ലഭിച്ച 49-ൽ 42 പേരും ഗ്രാമസഭയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവരാണെന്നും മതിയായ ഗുണഭോക്താക്കളുടെ അഭാവത്തിലാണ് ഗ്രാമസഭയിൽ നിന്ന് തെരഞ്ഞെടുത്ത ഗുണഭോക്താക്കളെ കൂടാതെ 7 പേർക്ക് കൂടി ആനുകൂല്യം നൽകിയതെന്നും ആയത് പഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരമാണെന്നും വ്യക്തമാകുന്നു. ഗ്രാമസഭ തെരഞ്ഞെടുക്കുന്ന ഗുണഭോക്തൃ ലിസ്റ്റിൽ മാറ്റം വരുത്തി പുതിയ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നത് ഉചിതമായ നടപടിയല്ലെന്നും അത്തരം ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്യുന്ന നടപടി നിർവ്വഹണ ഉദ്യോഗസ്ഥർ സ്വീകരിക്കരുതെന്നും അങ്ങനെ ചെയ്യുന്നപക്ഷം പ്രസ്തുത തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതായി വരുമെന്നും സമിതി ഓർമ്മിപ്പിക്കുന്നു. പരാമർശ വിധേയമായ സംഗതിയിൽ മതിയായ ഗുണഭോക്താക്കളുടെ അഭാവത്തിൽ പദ്ധതിക്കായി മാറ്റിവച്ച തുകയിൽ നിന്നും പഞ്ചായത്ത് ഭരണ സമിതി തീരുമാനപ്രകാരമാണ് നൽകിയെന്നത് മുൻനിർത്തി ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകൾ സംഭവിക്കരുതെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.14.2 ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്തിട്ടുണ്ട്.

ഓഡിറ്റിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.14.3 ബഹു. നിയമസഭാ സമിതിയുടെ നിർദ്ദേശാനുസരണം പത്തനംതിട്ട ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 17-3-2015-ലെ എൽ. എഫ്. പി. റ്റി. എ. പി 1/108/2015 ഉത്തരവ് പ്രകാരം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 92

## ശിപാർശ

3.15.1 1997-98 വർഷം നികുതി നിർണ്ണയം നടത്തിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ കെട്ടിട നികുതി ഡിമാന്റ് രജിസ്റ്ററിൽ ചേർത്ത് നികുതി ഈടാക്കാഞ്ഞതിനാൽ 1997-98 മുതൽ 2004-05 വരെയുള്ള കാലയളവിൽ 1,00,476 രൂപ പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായതായാണ് ഓഡിറ്റ് ചൂണ്ടിക്കാട്ടിയിട്ടുള്ളതെന്ന് സമിതി നിരീക്ഷിച്ചു. ഓഡിറ്റ് നടക്കുന്ന സമയത്ത് കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ എഴുതിയിരുന്നില്ലെന്നും ഓഡിറ്റ് റിപ്പോർട്ട് വരുന്നതിന് മുമ്പ് ആയത് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരുന്നെന്നും ആയത് ഉദ്യോഗസ്ഥർക്ക് ഓഡിറ്റിനെ ബോധ്യപ്പെടുത്താൻ കഴിയാതെ പോയതാണ് പരാമർശത്തിന് കാരണമെന്നും തെളിവെടുപ്പ് വേളയിൽ ഹാജരായ ഉദ്യോഗസ്ഥൻ വിശദീകരിക്കുകയുണ്ടായി. സമിതി നിർദ്ദേശ പ്രകാരം പരാമർശ വിധേയമായ രജിസ്റ്ററുകൾ പത്തനംതിട്ട ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചതായി അറിയിച്ചിരിക്കുന്നു. പ്രസ്തുത സാഹചര്യത്തിൽ ഓഡിറ്റ് പരാമർശത്തിന്മേലുള്ള അനന്തര നടപടികൾ അവസാനിപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.15.2 പരാമർശ വിധേയമായ രജിസ്റ്ററുകൾ പത്തനംതിട്ട ലോക്കൽ ഫണ്ട് സീനിയർ ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കുകയും ഓഡിറ്റ് പരാമർശത്തിന്മേലുള്ള അനന്തര നടപടികൾ അവസാനിപ്പിക്കാൻ സമിതി ശിപാർശ ചെയ്യുകയും ചെയ്തിട്ടുള്ളതാണ്.

## ഓഡിറ്റിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.15.3 ബഹു. നിയമസഭാ സമിതിയുടെ നിർദ്ദേശാനുസരണം ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 9-6-2015-ലെ എൽ. എഫ്. പി. റ്റി. എ. പി1/108(എ)/15 ഉത്തരവിൻ പ്രകാരം ഒഴിവാക്കിയിട്ടുണ്ട്.

തിരുവനന്തപുരം,
2019 ഫെബ്രുവരി 7 .

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങൾ/ശുപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ്/സ്ഥാപനം | നിഗമനങ്ങൾ/ശുപാർശകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 2.1.5 | തദ്ദേശസ്വയംഭരണ വകുപ്പ് | ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട നടപടികൾ ത്വരിതപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 2.2.7 | തദ്ദേശസ്വയംഭരണ വകുപ്പ് | നഷ്ടത്തിനുത്തരവാദികളായവർക്കെതിരെ സ്വീകരിച്ച വകുപ്പുതല നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 2.3.6 | തദ്ദേശസ്വയംഭരണ വകുപ്പ് | പ്രമാടം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീമതി ശാന്തകുമാരിയമ്മ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത കേസിന്റെ 22-2-2017-ലെ ഹിയറിംഗിന് ശേഷം കേസിന്റെ അവസ്ഥ സംബന്ധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകുവാൻ ബന്ധപ്പെട്ട വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു. |
| 4 | 2.4.4 | തദ്ദേശസ്വയംഭരണ വകുപ്പ് | പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേലുള്ള മറുപടി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കി സമിതിക്ക് സമർപ്പിക്കുവാൻ ബന്ധപ്പെട്ട വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു. |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.